കേന്ദ്രഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ജാതി അവശതകൾ നീക്കം ചെയ്യൽ ആക്റ്റ്, 1850

(1850-ലെ 21-ാം ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ളപ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.
1976

കേന്ദ്രഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ജാതി അവശതകൾ നീക്കം ചെയ്യൽ ആക്റ്റ്, 1850
## (1850-ലെ 21-ാം ആക്റ്റ്)

ബംഗാൾ കോഡിലെ VII-ാം റെഗുലേഷൻ, 1832 9-ാം വകുപ്പിന്റെ തത്വം ഇൻഡ്യ മുഴുവൻ വ്യാപിപ്പിക്കുന്നതിനുള്ള ആക്റ്റ്.

[1850 ഏപ്രിൽ,11]

ആമുഖം.— "ഏതെങ്കിലും സിവിൽ വ്യവഹാരത്തിൽ, അതിലെ കക്ഷികൾ വ്യത്യസ്തമതവിശ്വാസികളായിരിക്കുമ്പോഴെല്ലാം, ഒരു കക്ഷി ഹിന്ദുമതവിശ്വാസിയും മറേ കക്ഷി മുഹമ്മദ് മതവിശ്വാസിയും ആയിരിക്കുമ്പോഴോ, അല്ലെങ്കിൽ വ്യവഹാരത്തിലെ ഒന്നോ അതിലധികമോ കക്ഷികൾ മുഹമ്മദുമതവിശ്വാസികളോ ഹിന്ദുമതവിശ്വാസികളോ അല്ലാതിരിക്കുന്നിടത്തോ, ആ മതനിയമങ്ങളെ, അവയുടെ പ്രവർത്തനമില്ലായിരുന്നെങ്കിൽ, അങ്ങനെയുള്ള കക്ഷിക്കോ കക്ഷികൾക്കോ അവകാശപ്പെട്ടതാകുമായിരുന്ന ഏതെങ്കിലും വസ്തു അവർക്ക് ഇല്ലാതാക്കത്തക്കവിധം പ്രാവർത്തികമാക്കുവാൻ അനുവദിക്കുന്നതല്ല" എന്ന് ബംഗാൾ കോഡിലെ VII-ാം റെഗുലേഷൻ, 1832, 9-ാം വകുപ്പിനാൽ അധിനിയമം ചെയ്തിരിക്കുന്നതിനാലും, ആ അധിനിയമത്തിലെ തത്ത്വം ഇൻഡ്യ മുഴുവൻ വ്യാപിപ്പിക്കുന്നത് ഗുണകരമാകുമെന്നതിനാലും താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. മതം മാറുന്നതിൻമേലോ ജാതി ഇല്ലാതാകുന്നതിൻമേലോ അവകാശം നഷ്ടപ്പെടുന്നതോ അവകാശത്തെ ബാധിക്കുന്നതോ ആയ നിയമമോ വഴക്കമോ നടപ്പാക്കപ്പെടുന്നത് അവസാനിക്കുമെന്ന്.— ഏതെങ്കിലും ആൾക്ക് അവനോ അവളോ ഏതെങ്കിലും മതം പരിത്യജിക്കുകയോ ഏതെങ്കിലും മതസമുദായത്തിൽ നിന്ന് ഒഴിച്ചുനിറുത്തപ്പെടുകയോ ചെയ്തിരിക്കുന്നു എന്നതുകൊണ്ടോ അല്ലെങ്കിൽ അവനോ അവൾക്കോ ജാതി ഇല്ലാതാക്കിയിരിക്കുന്നു എന്നതുകൊണ്ടോ അവകാശങ്ങളോ വസ്തുവോ നഷ്ടപ്പെടുത്തുന്നതോ അല്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ ഏതെങ്കിലും അനന്തരാവകാശത്തിന് കോട്ടം തട്ടുകയോ അതിനെ ബാധിക്കുകയോ ചെയ്യുന്നതായി വിധിക്കപ്പെടാവുന്നതോആയിടത്തോളമുള്ളതും, ഇപ്പോൾ ഇൻഡ്യയിൽ പ്രാബല്യത്തിലുള്ളിടത്തോളമുള്ളതും ആയ ഏതെങ്കിലും നിയമമോ വഴക്കമോ ഏതെങ്കിലും കോടതിയിൽ നിയമമായിനടപ്പാക്കുന്നത് അവസാനിക്കുന്നതാണ്.

2. ചുരുക്കപ്പേരും വ്യാപ്തിയും.— (1) ഈ ആക്റ്റിന് ജാതി അവശതകൾനീക്കം ചെയ്യൽ ആക്റ്റ്, 1850 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

---

PT. 3/2603/75/V.